(2) കാർഡമം റീപ്ലാന്റിംഗ് സ്കീം

ഹെക്ടർ ഒന്നിന് 12,500 രൂപ യഥാക്രമം 6,000 രൂപ, 3,500 രൂപ, 3,000 രൂപ എന്നീ ക്രമത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി നൽകുന്നു.

(3) വാനില വികസനം

(എ) ന്യൂ പ്ലാന്റിംഗ് —ഹെക്ടർ ഒന്നിന് 10,000 രൂപ യഥാക്രമം 6,500 രൂപ 3,500 രൂപ എന്നീ ക്രമത്തിൽ രണ്ട് വാർഷിക ഗഡുക്കളായി നൽകുന്നു.

(ബി) സർട്ടിഫൈഡ് നഴ്സറി—1000 വേരുപിടിപ്പിച്ച കട്ടിംഗുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾക്ക് 1,250 രൂപ.

(സി) ക്യൂറിംഗ് യൂണിറ്റ്—യൂണിറ്റൊന്നിന് 5,000 രൂപ.

(ഡി) പത്താം പദ്ധതികാലത്ത് നടപ്പിലാക്കുന്നതിന് പ്ലാനിംഗ് കമ്മീഷനും വാണിജ്യ മന്ത്രാലയവും അംഗീകരിച്ച നിരക്കാണ് സ്പൈസസ് ബോർഡ് സബ്സിഡി യായി നൽകുന്നത്. ഇതനുസരിച്ച് ചില സ്കീമുകൾക്കുള്ള സബ്സിഡി കുറച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 2002-2003-ൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കാത്തതിനാൽ സബ്സിഡി തുക സ്പൈസസ് ബോർഡിന്റെ വിഹിതത്തിൽ ഒതുക്കി നിർത്തിയാണ് നൽകിയതെന്ന് സ്പൈസസ് ബോർഡ് അറിയിച്ചിട്ടുണ്ട്.

ജൈവവളം ഉപയോഗിച്ചുള്ള കുരുമുളക് കൃഷി

57 [5511] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവള വിമുക്ത, കീടനാശിനി വിമുക്ത ജൈവവളത്തിലധിഷ്ഠിതമായ കുരുമുളക് കൃഷി വികസിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ജൈവവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച കുരുമുളക് കയറ്റുമതിക്ക് ഗവൺമെന്റ് എന്തെങ്കിലും സൗകര്യം പ്രത്യേകം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജൈവവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച കുരുമുളകാണെന്ന് ഉറപ്പുവരുത്താൻ വിദഗ്ദ്ധ ടെസ്റ്റുകൾ നടത്താൻ ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 വർഷത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ കുരുമുളക് കൃഷി വികസനത്തിൽ ജൈവ കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം വർഷം 800 ഹെക്ടറിൽ ജൈവകൃഷി വഴി കുരുമുളക് ഉൽപ്പാദനം സാധ്യമാക്കുന്നു. വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കുന്നു. ജൈവവളം, ജൈവകീടനാശിനി, ഫാംയാർഡ് മാനുവർ, കമ്പോസ്റ്റ് എന്നിവ വാങ്ങുന്നതിനായി ഹെക്ടറിന് ഒന്നാം വർഷം 2,900 രൂപ വീതം കർഷകർക്കു നൽകുന്നു. ഒന്നാം വർഷം 800 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 23.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒന്നാംവർഷം ജൈവകൃഷി രീതി അവലംബിക്കുന്നതു മൂലം ഉള്ള വിളവിന്റെ വ്യതിയാനം കണക്കിലെടുത്ത് 2900 രൂപയ്ക്ക് പുറമെ ഹെക്ടറിന് 1,000 രൂപ അധികസഹായവും നൽകി വരുന്നു. ഇതിലേക്കായി 8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

രണ്ടാം വർഷ കൃഷിക്ക് ഹെക്ടറിന് 1,450 രൂപ വീതം ധനസഹായം നൽകുന്നു. ഇപ്രകാരം 800 ഹെക്ടറിലേക്ക് 11.6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൂടാതെ സംയോജിത കീടനിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 400 ഹെക്ടറിൽ ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾ നടത്താനും ഈ പ്ലോട്ടുകളിലേയ്ക്കാവശ്യമായ ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായ ടൈക്കോഡെർമ വാങ്ങുന്നതിന് ഹെക്ടറിന് 1,250 രൂപവീതം നൽകുന്നു. ഇപ്രകാരം 400 ഹെക്ടറിലേക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക കയറ്റുമതി മേഖലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ ജൈവ കുരുമുളകും ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ജൈവകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന കുരുമുളകാണെന്ന് ഉറപ്പുവരുത്താൻ സ്പൈസസ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിദഗ്ദ്ധ ടെസ്റ്റുകൾ നടത്തുന്നതിന് കൃഷി വകുപ്പിന് ഉദ്ദേശ്യമുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

പ്ലാന്റേഷൻമേഖലയിൽ മാരകരോഗബാധിതരായിട്ടുള്ളവരെ കുറിച്ച് പഠനം

58 [5512] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ മേഖലയിൽ മാരകരോഗബാധിതരായിട്ടുള്ളവരെ കുറിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മേൽപഠനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly